A1/95/2025-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - ഭാരത് ഭവന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ അധികധനാനുമതിയായി വകയിരുത്തിയ തുക ഒൻപതാം ഗഡു ആയി അനുവദിച്ചുത്തരവാകുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.67/2026/CLAD തീയതി,തിരുവനന്തപുരം, 24-01-2026

---

പരാമർശം:-

1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ
2. സ.ഉ.(സാധാ)നം.217/2025/സാം.കാ.വ. തീയതി 10.04.2025
3. സ.ഉ.(സാധാ)നം.249/2025/സാം.കാ.വ. തീയതി 05.05.2025
4. സ.ഉ.(സാധാ)നം.332/2025/സാം.കാ.വ. തീയതി 11.06.2025
5. സ.ഉ.(സാധാ)നം.377/2025/സാം.കാ.വ. തീയതി 11.07.2025
6. സ.ഉ.(സാധാ)നം.443/2025/സാം.കാ.വ. തീയതി 05.08.2025
7. സ.ഉ.(സാധാ)നം.490/2025/സാം.കാ.വ. തീയതി 27.08.2025
8. സ.ഉ.(സാധാ)നം.616/2025/സാം.കാ.വ. തീയതി 27.10.2025
9. സ.ഉ.(സാധാ)നം.712/2025/സാം.കാ.വ. തീയതി 05.12.2025
10. ഭാരത് ഭവൻ മെമ്പർ സെക്രട്ടറിയുടെ 29.12.2025 തീയതിയിലെ BB.NO.135/NP/01/2025 നമ്പർ അപേക്ഷ
11. സ.ഉ.(സാധാ)നം.495/2026/ധന തീയതി 17.01.2026

**ഉത്തരവ്**

ഭാരത് ഭവന് 2025-26 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 21,11,000/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി പതിനൊന്നായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (2) മുതൽ (9) വരെയുള്ള ഉത്തരവുകൾ പ്രകാരം എട്ട് ഗഡുക്കളായി 20,44,000/- (ഇരുപത് ലക്ഷത്തി നാൽപ്പത്തി നാലായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഭാരത് ഭവൻ ജീവനക്കാരുടെ ഒക്ടോബർ മുതൽ മാർച്ച് മാസം വരെയുള്ള ശമ്പളം നൽകുന്നതിന് അഡീഷണൽ ഫണ്ട് അനുവദിക്കണമെന്ന് ഭാരത് ഭവൻ മെമ്പർ സെക്രട്ടറി പരാമർശം കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാരത് ഭവന് 2025-26 സാമ്പത്തിക വർഷം "2205-00-102-82-36 (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ പരാമർശം (11) പ്രകാരം അധികധനാനുമതിയായി വകയിരുത്തിയ 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) ഒക്ടോബർ മുതൽ മാർച്ച് മാസം വരെയുള്ള ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും മറ്റ് ചെലവുകൾക്കുമായി ഒൻപതാം ഗഡുവായി അനുവദിച്ചുത്തരവാകുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം ഭാരത് ഭവന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള 701011400000138 എന്ന STSB അക്കൗണ്ട് നമ്പറിൽ

ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത സാമ്പത്തിക വർഷം പദ്ധതിയേതര ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും പ്രതീക്ഷിത ചെലവ് വിവരവും ലഭ്യമാക്കേണ്ടതും, 04.08.2020 ലെ 103/2020/ഫിൻ ഉത്തരവ്, 26.07.2022 ലെ 65/2022/ഫിൻ സർക്കുലർ എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ളത് പോലെ സ്ഥാപനത്തിൽ G SPARK നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച വിവരങ്ങൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 3115045/EDN-D1/72/2025-FIN dated 21.01.2026)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Renju. A. R
Date: 24-01-2026 11:35:20
സെക്ഷൻ ഓഫീസർ